REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഫെയ്ഞ്ചൽ ചുഴലിക്കാറ്റ്, വടക്കൻ കേരളത്തിനും കർണാടകയ്ക്കും മുകളിലൂടെ ന്യൂനമർദ്ദമായി അറബിക്കടലിൽ പ്രവേശിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്കൻ കേരളത്തിൽ മഴ ശക്തമായേക്കും.
- അതിതീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കാസർകോട് ഉൾപ്പെടെ അഞ്ചു വടക്കൻ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.
- നാളെ ലോക ഭിന്നശേഷി ദിനം. രാഷ്ട്രപതി ദ്രൗപതി മുർമു ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ ഡൽഹിയിൽ സമ്മാനിക്കും.
- സാംഭാലിലെ അക്രമ സംഭവങ്ങളും പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണവും ഉൾപ്പെടെ വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം.
- സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതും പ്രത്യേക സമ്മർ താരിഫ് ഏർപ്പെടുത്തുന്നതും പരിഗണനയിലെന്ന് മന്ത്രി K കൃഷ്ണൻ കുട്ടി.
- ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ FC, മുഹമ്മദൻ S C യെ നേരിടും.

## വാർത്തകൾ വിശദമായി

തമിഴ്നാടിന് മുകളിൽ ശക്തി കുറഞ്ഞ ഫെയ്ഞ്ചൽ ചുഴലിക്കാറ്റ്, വടക്കൻ കേരളത്തിനും കർണാടകയ്ക്കും മുകളിലൂടെ ന്യൂനമർദ്ദമായി

ഇന്ന് രാത്രിയോ, നാളെയോ അറബിക്കടലിൽ പ്രവേശിക്കുമെന്ന്  കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.  ഇതേ തുടർന്ന് വടക്കൻ കേരളത്തിൽ മഴ ശക്തമായേക്കും.

✪✪✪

അതിതീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന്  കാസർകോട് ജില്ലയിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നൽകി. ഇതോടെ ചുവപ്പ്  ജാഗ്രത നൽകിയ ജില്ലകളുടെ എണ്ണം അഞ്ചായി.

കണ്ണൂർ,  വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നേരത്തെ  ചുവപ്പ് ജാഗ്രത നൽകിയിരുന്നു. തീവ്രമഴയ്ക്ക് സാധ്യത കണക്കിലെടുത്ത് നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്.

പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിലാണ്  ഓറഞ്ച് ജാഗ്രത. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

അതിതീവ്ര മഴ, അപകടങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി. കുറഞ്ഞ സമയം കൊണ്ട് വലിയ മഴയുണ്ടാകുന്ന രീതിയാണ് പ്രതീക്ഷിക്കുന്നത്. അത് മലവെള്ളപ്പാച്ചിലും, മിന്നൽപ്രളയങ്ങളും സൃഷ്ടിച്ചേക്കാം.  മഴ തുടരുന്ന സാഹചര്യം മണ്ണിടിച്ചിലിനും, ഉരുൾപൊട്ടലിനും കാരണമായേക്കാം. പൊതുജനങ്ങളും,ഗവൺമെന്റ് സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്നും  കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഇന്ന് മുതൽ  മൂന്ന് ദിവസം  കേരള- ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട് .

✪✪✪

കനത്ത മഴയെ തുടർന്ന് ശബരിമലയിലേക്കു  കാനന പാതയിലൂടെ യാത്ര താൽക്കാലികമായി നിരോധിച്ചു. ഇതുവഴി പോകാനെത്തിയ അയ്യപ്പ ഭക്തർക്കായി അഞ്ചു താൽക്കാലിക ഷെൽട്ടർ സംവിധാനം ഏർപ്പെടുത്തി.

വിശദ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

....(വോയ്സ്)..................

✪✪✪

**പത്തനംതിട്ട ജില്ലയിൽ മഴ തുടരുന്ന സാഹചര്യത്തിൽ ജില്ലാ ഭരണകൂടം മലയോര മേഖലകളിൽ ജാഗ്രതാ നിർദ്ദേശം നൽകി. പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്കു പാതകളിൽ ചില സ്ഥലങ്ങളിൽ വടംകെട്ടിത്തിരിച്ചു.**

**പമ്പയിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. പമ്പയിലും സന്നിധാനത്തും പ്രതികൂലസാഹചര്യങ്ങളെ നേരിടാൻ ദേശീയദുരന്തനിവാരണ സേനയിലെ 79 പേരുടെ സംഘം സജ്ജമാണ്.**

✪✪✪

**കോട്ടയം ജില്ലയിൽ മഴ ശക്തമായി തുടരുന്നു. വിവിധ സ്ഥലങ്ങളിൽ ജലനിരപ്പ് ഉയർന്നത് ഗതാഗത തടസം സൃഷ്ടിക്കുന്നുണ്ട്. മീനച്ചിലാറിലും മണിമലയാറിലും ജലനിരപ്പ് ഉയർന്നു. പാലായിലും കാഞ്ഞിരപ്പള്ളിയിലും മറ്റു കിഴക്കൻ ഭാഗങ്ങളിലും മഴ തുടരുന്നുണ്ട്. കോട്ടയം, ഏറ്റുമാനൂർ നഗരങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടു. വ്യാപാര കേന്ദ്രങ്ങളിൽ വെള്ളം കയറി. പുലർച്ചെ പന്ത്രണ്ടരയോടെയാണ് വെള്ളക്കെട്ട് രൂക്ഷമായത്. ഈരാറ്റുപേട്ട- വാഗമൺ റൂട്ടിൽ രാത്രിയാത്രയ്ക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.**

✪✪✪

**തമിഴ്നാട്ടിലെ തിരുവണ്ണാമലയിൽ ഉരുൾപൊട്ടലിൽ കാണാതായവർക്കായി തെരച്ചിൽ തുടരുന്നു. മലമുകളിൽ നിന്ന് വലിയ കല്ലുകൾ താഴെ പതിച്ച് വിഒസി നഗറിലെ മൂന്ന് വീടുകളാണ് മണ്ണിനടിയിലായത്. മണ്ണിനടയിൽ പെട്ടതെന്ന് കരുതുന്ന ഏഴ് പേർക്കായി 30 അംഗ ദേശീയ ദുരന്ത നിവാരണ സേന രാവിലെയാണ് തിരച്ചിൽ ആരംഭിച്ചത്. സംഭവസ്ഥലത്തു നിന്നും 50 പേരെ ഒഴിപ്പിച്ചു.**

**ഫെഞ്ചൽ ചുഴലിക്കാറ്റ് അറബിക്കടലിലേക്ക് നീങ്ങുന്നതിനാൽ തമിഴ്നാട്ടിൽ കനത്ത മഴ തുടരുകയാണ്.**

**തിരുവണ്ണാമലയിലും വില്ലുപുരത്തും മറ്റ് ജില്ലകളിലും വെള്ളപ്പൊക്കം രൂക്ഷമാണ്. ജില്ലാ കലക്ടർ ഹൗസ് കാമ്പസ് ഉൾപ്പെടെ പലയിടത്തും**

വെള്ളപ്പൊക്കമുണ്ടായി. തീരപ്രദേശങ്ങളിൽ 24 മണിക്കൂർ കൂടി പരക്കെ മഴ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കാഞ്ചീപുരം, വില്ലുപുരം, തിരുവണ്ണാമലൈ, വെല്ലൂർ, റാണിപ്പേട്ട് എന്നിവിടങ്ങളിലെ വിളവെടുക്കാനായ ആയിരക്കണക്കിന് ഏക്കർ കൃഷിയിടങ്ങൾ വെള്ളത്തിലാണ്. ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താനും ദുരിതാശ്വാസത്തിനും സംഘത്തെ അയക്കണമെന്ന് തമിഴ്നാട് ഗവണ്മെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

ഫെയ്ഞ്ചൽ ചുഴലിക്കാറ്റിനെ തുടർന്ന് മൂന്ന് പതിറ്റാണ്ടിനിടയിലെ ഏറ്റവും ശക്തമായ മഴ ലഭിച്ച പുതുച്ചേരിയിൽ ഇന്നലെ വൈകുന്നേരത്തോടെ മഴ ശമിച്ചെങ്കിലും താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ട് തുടരുകയാണ്. 700-ലധികം ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ട്. പുതുച്ചേരിയിലും കൃഷ്ണനഗറിലുമായി ഇരുനൂറോളം പേരെ സൈന്യം സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റിയതായി മുഖ്യമന്ത്രി എൻ. രംഗസ്വാമി പറഞ്ഞു. സൈന്യത്തിന്റെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം.രക്ഷാപ്രവർത്തനം ശക്തമാക്കാൻ 30 NDRFന്റെ അധിക സംഘത്തെ വിന്യസിച്ചിട്ടുണ്ട്.

മരം വീണ് വൈദ്യുതി ലൈനുകൾ തകർന്നതിനാൽ പല ഭാഗങ്ങളിലും ഇന്റർനെറ്റ് സേവനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

✪✪✪

നാളെ ലോക ഭിന്നശേഷി ദിനം. രാഷ്ട്രപതി ദ്രൗപതി മുർമു ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ ഡൽഹിയിൽ സമ്മാനിക്കും.

22 വ്യക്തികളെയും 11 സ്ഥാപനങ്ങളെയും ആണ് ഈ വർഷത്തെ ദേശീയ അവാർഡിന് തെരഞ്ഞെടുത്തത് . 100 ശതമാനം കാഴ്ച വൈകല്യം നേരിടുന്ന നിയമ വിദഗ്ധനായ അമർ ജെയിനും ലോക്കോമോട്ടർ ഡിസബിലിറ്റി നേരിടുന്ന പ്രതീക് ഖണ്ഡേൽവാളിനുമാണ് ഈ വർഷത്തെ സർവശ്രേഷ്ഠ ദിവ്യാംഗ്ജൻ അവാർഡ്. ചടങ്ങിൽ ഭിന്നശേഷിക്കാർക്കായി നിരവധി ക്ഷേമ പദ്ധതികൾക്ക് കേന്ദ്ര മന്ത്രി ഡോ. വീരേന്ദ്ര കുമാർ തുടക്കമിടും.

അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ തൃശൂരിൽ മന്ത്രി ഡോ .R . ബിന്ദു നിർവ്വഹിക്കും. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സംസ്ഥാന ഭിന്നശേഷി അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്യും.

"ഭിന്നശേഷിക്കാരുടെ നേതൃത്വത്തെ സമഗ്രവും സുസ്ഥിരവുമായ ഭാവിക്കായി വർദ്ധിപ്പിക്കുക" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ഉത്തർപ്രദേശിലെ സാംഭാലിലെ അക്രമ സംഭവങ്ങളും ഒരു പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണവും ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും ഉച്ചയ്ക്ക് 12 വരെ നിർത്തിവച്ചു.

ലോക്സഭയിൽ, രാവിലെ സഭ സമ്മേളിച്ചയുടൻ, ബിസിനസ് ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം, സംഭാലിലെ അക്രമം, മണിപ്പൂരിലെ സ്ഥിതി എന്നിവ ഉൾപ്പെടെ വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ MP-മാർ ബഹളം വെച്ചു. സ്പീക്കർ ഓം ബിർള ചോദ്യോത്തര വേളയുമായി മുന്നോട്ടു പോകാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നു. കോൺഗ്രസ്, ഇടത്, DMK ഉൾപ്പെടെ പാർട്ടികളിലെ അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചു.

രാജ്യസഭയിൽ, ഒരു പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണങ്ങൾ, സംഭാലിലെ അക്രമം, മണിപ്പൂരിലെയും ഡൽഹിയിലെയും ക്രമസമാധാന പ്രശ്നങ്ങളും ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ MP-മാർ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ നിരസിച്ചു. ഇതെ തുടർന്ന് കോൺഗ്രസ്, ഡിഎംകെ, സമാജ്‌വാദി പാർട്ടി, ഇടത്, AAP, അംഗങ്ങൾ സഭയിൽ ബഹളമയമായ രംഗങ്ങൾ സൃഷ്ടിച്ചു. സഭ പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് ചെയർമാൻ ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതും പ്രത്യേക സമ്മർ താരിഫ് ഏർപ്പെടുത്തുന്നതും പരിഗണനയിലാണെന്ന് മന്ത്രി K കൃഷ്ണൻ കുട്ടി പറഞ്ഞു. ആഭ്യന്തര ഉൽപാദനം കുറഞ്ഞത്

തിരിച്ചടിയായിരിക്കുന്നതിനാൽ വൈദ്യുതി നിരക്ക് വർധന പരിഗണയിൽ ആണെന്ന് മന്ത്രി പാലക്കാട്ട് ഒരു സ്വകാര്യ വാർത്താ ചാനലിനെ അറിയിച്ചു. ഗവൺമെന്റുമായും ഉപഭോക്താക്കളുമായും ചർച്ചചെയ്ത് നയപരമായ തീരുമാനമെടുക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

നിരക്ക് വർധനവുമായി ബന്ധപ്പെട്ട് റെഗുലേറ്ററി കമ്മിഷൻ റിപ്പോർട്ട് KSEB ക്ക് നൽകിയാൽ ആലോചിച്ച് തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു. വേനൽകാലത്ത് പുറമെനിന്ന് വൈദ്യുതി വാങ്ങുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധി മറികടക്കാനാണ് സമ്മർ താരിഫ് പരിഗണിക്കുന്നത്.

✪✪✪

കണ്ണൂർ വളപട്ടണത്തെ അരി മൊത്ത വ്യാപാരി അഷ്റഫിന്റെ വീട്ടിൽ നടന്ന കവർച്ചുമായി ബന്ധപ്പെട്ട അറസ്റ്റിലായ ലിജേഷിനെ ഇന്ന് കോടതിയിൽ ഹാജരാക്കും. അഷറഫിന്റെ വീട്ടിന് സമീപത്ത് താമസിക്കുന്നയാളാണ് അറസ്റ്റിൽ ആയത് .

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)..........

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ FC, മുഹമ്മദൻ S C യെ നേരിടും. രാത്രി ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

ഇന്നലെ ഭുവനേശ്വരിൽ ഒഡീഷ FC ബംഗളൂരു FC യെ രണ്ടിനെതിരെ നാലു ഗോളുകൾക്ക് തോൽപ്പിച്ചു.

✪✪✪

സിംഗപ്പൂരിൽ നടക്കുന്ന ലോക ചെസ് ചാമ്പ്യൻഷിപ്പിലെ ഏഴാംറൗണ്ട് മത്സരം നാളെ. ഇന്നലെ ആറാം റൗണ്ടിൽ ഇന്ത്യൻ ഗ്രാന്റ് മാസ്റ്റർ ഡി ഗുകേഷും, ഇപ്പോഴത്തെ ലോക ചാമ്പ്യൻ ഡിങ് ലിറനും സമനില പാലിച്ചു. മത്സരത്തിലെ തുടർച്ചയായ മൂന്നാം സമനിലയാണിത്.

✪✪✪

ഐ ടി വിദഗ്ധനും ചലച്ചിത്ര നിർമ്മാതാവുമായ ആനിക്കാട് പാണ്ടിപ്പള്ളി മനു പത്മനാഭൻ നായർ കോട്ടയത്ത് നിര്യാതനായി. അദ്ദേഹത്തിന് 51 വയസ്സായിരുന്നു. കോയമ്പത്തൂരിൽ നിന്ന് KSRTC ബസിൽ

വരുന്നതിനിടെ പാലക്കാട് വെച്ച് ദേഹാസ്വാസ്ഥ്യമുണ്ടായതിനെ തുടർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

വെള്ളം, കൂമൻ, വെയ്ൻ തുടങ്ങിയ സിനിമകളുടെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറും, പത്തോളം ഷോർട്ട് ഫിലിമുകളുടെ നിർമ്മാതാവുമാണ്. പത്ത് കല്പനകൾ, പ്രകാശം പരത്തുന്ന പെൺകുട്ടി എന്നീ ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

✪✪✪

വയനാട് ചുണ്ടേൽ എസ്റ്റേറ്റ് റോഡിൽ ജീപ്പും ഓട്ടോയും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. ഓട്ടോഡ്രൈവർ ചുണ്ടേൽ സ്വദേശി നവാസാണ് മരിച്ചത്.

✪✪✪

UAE 53-ാം ദേശീയ ദിനം ഇന്ന് ആഘോഷിക്കുന്നു. ഇന്ത്യക്കാർ ഉൾപ്പെടെ UAE യിലെ പ്രവാസി സമൂഹവും ആഘോഷങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

നോർക്ക റൂട്ട്സ് എല്ലാ UAE പൗരന്മാർക്കും പ്രവാസികൾക്കും ആശംസ നേർന്നു. എണ്ണമറ്റ കേരളീയർ രണ്ടാം ഭവനമായി കാണുന്ന UAE യും കേരളവും തമ്മിൽ ദൃഢമായ ബന്ധം നിലനിർത്തുന്നതിൽ അഭിമാനിക്കുന്നതായി നോർക്ക സന്ദേശത്തിൽ പറഞ്ഞു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 480 രൂപ കുറഞ്ഞ് 56,720 രൂപയായി. ഗ്രാമിന് 7,090 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪